(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പാർലമെന്റംഗങ്ങളുടെ മീറ്റിംഗുകൾ

1 (933) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ വികസന കാര്യങ്ങളിൽ പാർലമെന്റംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മീറ്റിംഗുകൾ വിളിച്ചു ചേർത്തിട്ടുണ്ടെന്ന് പറയാമോ ;

(ബി) മീറ്റിംഗുകൾ കൂടിയ തീയതികളും എം. പി. മാരുടെ ഹാജർ നിലവാരവും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 13 മീറ്റിംഗുകൾ

(ബി)

	മീറ്റിംഗുകൾ കൂടിയ തീയതി	ഹാജർ നില
1.	26-6-1996	18
2.	7-11-1996	14
3.	10-2-1997	8
4.	12-7-1997	13
5.	7-11-1997	17
6.	19-5-1998	19
7.	19-11-1998	12
8.	17-2-1999	15
9.	24-11-1999	22
10.	17-2-2000	16
11.	12-7-2000	13
12.	15-11-2000	11
13.	12-2-2001	13

ശ്രീ. സേവ്യർ അറയ്ക്കൽ എം. പി. അന്തരിച്ചതിനാൽ 10-2-1997-ൽ കൂടിയ സമ്മേളനം അനുശോചന പ്രമേയം അവതരിപ്പിച്ച ശേഷം പിരിഞ്ഞു.

ബിൽഗേറ്റ്സിന്റെ ഇന്ത്യാ സന്ദർശനം

2 (934) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മൈക്രോസോഫ്റ്റ് തലവൻ ബിൽഗേറ്റ്സ് ഈയിടെ ഇന്ത്യ സന്ദർശിച്ചപ്പോൾ കേരളത്തിൽ നിന്നും ഏതെങ്കിലും മന്ത്രിമാർ അദ്ദേഹത്തെ സന്ദർശിച്ചിരുന്നോ ; എങ്കിൽ ആരെല്ലാമാണ് ;

(ബി) വിവര സാങ്കേതിക രംഗത്ത് സമുലമായ നേട്ടങ്ങൾ കൈവരിക്കാൻ ഉതകുന്ന രീതിയിൽ എന്തെങ്കിലും ചർച്ചകൾ ബിൽഗേറ്റുമായി നടത്തിയിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly